# നീര ഉൽപാദനം: സർക്കാർ നടപടികൾ പ്രയോജനം ചെയ്യുന്നില്ലെന്ന്

കുട്ടനാട് ● നീര ഉൽപാദനം സംബന്ധിച്ച് യുഡിഎഫ് സർക്കാർ ചില നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെങ്കിലും കാര്യമായ പ്രയോജനമില്ലെന്നു നാളികേര വികസന ബോർഡ് സീനിയർ മാർക്കറ്റിങ് ഓഫിസർ കെ.എസ്. സെബാസ്റ്റ്യൻ പറഞ്ഞു. കേരസമൃദ്ധി നാളികേര ഉൽപാദക സംഘത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച സെമിനാറിൽ കർഷകരുടെ ചോദ്യങ്ങൾക്കു മറുപടി പറയുകയായിരുന്നു അദ്ദേഹം.

നീര ഉൽപാദനം സംബന്ധിച്ച സർക്കാരിന്റെ ഉന്നതാധികാര സമിതിയിൽ 30,000 കള്ളുചെത്ത് തൊഴിലാളികളെ പ്രതിനിധീകരിച്ചു നാലു പ്രതിനിധികളെ ഉൾപ്പെടുത്തിയപ്പോൾ മൂന്നുലക്ഷം നാളികേര കർഷകർക്കുവേണ്ടി ഒരാളെ മാത്രമാണ് എടുത്തിട്ടുള്ളതെന്നും സെബാസ്റ്റ്യൻ പറഞ്ഞു. നെടുമുടി നാളികേര ഉൽപാദക ഫെഡറേഷൻ പ്രസിഡന്റ് കെ.ജി. മോഹനൻപിള്ള ഉദ്ഘാടനം ചെയ്തു.

പ്രസിഡന്റ് വർഗീസ് ആന്റണി പോരൂക്കര അധ്യക്ഷത വഹിച്ചു. പി.കെ. ഗോപാലകൃഷ്ണൻ, ജേക്കബ് ജോസഫ്, സ്കറിയ ആന്റണി, മാത്യു ആന്റണി എന്നിവർ പ്രസംഗിച്ചു.